# 2022-ലെ സി.വി.കുഞ്ഞുരാമൻ സാഹിത്യപുരസ്കാരത്തിന് അർഹനായ ശ്രീ. സേതുവിനു സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

മലയാളകഥാസാഹിത്യത്തിലെ നവോത്ഥാന കാലത്തെത്തുടർന്ന് അരങ്ങിലെത്തിയ അനുഗൃഹീതർക്കിടയിൽ ശ്രദ്ധേയമായൊരു സ്ഥാനം സേതുവിനുണ്ട്. നോവലുകളും കഥാസമാഹാരങ്ങളുമടക്കം നാല്പതിൽപരം കൃതികളുടെ രചയിതാവാണ് സേതു. നാല്പതു വർഷം മുമ്പ് പാണ്ഡവപുരം പ്രത്യക്ഷപ്പെട്ടതോടെ നോവലിസ്റ്റ് എന്ന നിലയിൽ സേതു ശ്രദ്ധേയനായി. സൂക്ഷ്മവായനയിൽ വ്യത്യസ്തമായ അർത്ഥതലങ്ങൾ വ്യഞ്ജിപ്പിക്കുവാൻ പാണ്ഡവപുരത്തിനു കഴിയുന്നുണ്ട്.

മനുഷ്യജീവിത സങ്കീർണ്ണതകളെ അവയുടെ ചരിത്രസന്ദർഭങ്ങളിൽ നിറുത്തി സർഗ്ഗാത്മക വിശകലനത്തിന് വിധേയമാക്കാനും കാണാതെപോയ പരമാർത്ഥങ്ങൾ കാട്ടിത്തരാനുമുള്ള സേതുവിന്റെ ആഖ്യാനവൈഭവം അനന്യവും അനനുകരണീയവുമാണ്.

നിയോഗം, അടയാളങ്ങൾ, മറുപിറവി, ആലിയ തുടങ്ങിയ കൃതികളും ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്.

ആഗോളീകരണത്തിന്റെയും അധിനിവേശത്തിന്റേതുമായ കാലത്ത് പുരുഷകേന്ദ്രീകൃതമായ സമൂഹത്തിലെ ഇരകൾ എന്നും മണ്ണും പെണ്ണുമായിരുന്നു എന്ന സേതുവിന്റെ നിരീക്ഷണം അദ്ദേഹത്തിന്റെ വിപുലമായ സാഹിത്യലോകത്തിലേക്ക് തുറന്നിടുന്ന ജാലകക്കാഴ്ചകൾ കാണേണ്ടവ തന്നെ.

ഈ വർഷത്തെ സി.വി. കുഞ്ഞുരാമൻ സാഹിത്യപുരസ്കാരത്തിന് അർഹനായ സേതുവിനെ സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. സാഹിത്യഅക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങിയ എണ്ണപ്പെട്ട അവാർഡുകൾക്ക് മുമ്പേ അർഹനായ സേതുവിന് കേരളകൗമുദി സ്ഥാപകനും പത്രാധിപശ്രേഷ്ഠനും നവോത്ഥാനനായകനും കവിയും ശൈലീവല്ലഭനായ ഗദ്യകാരനുമായ സി.വി.കുഞ്ഞുരാമന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

എഴുത്തുവഴിയിൽ സേതുവിന് കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ എന്ന് ആശിക്കുന്നു.

**എം.മുകുന്ദൻ**
അദ്ധ്യക്ഷൻ

**ഹാഷിം രാജൻ**
കാര്യദർശി

സി.വി.കുഞ്ഞുരാമൻ ഫൗണ്ടേഷൻ
തിരുവനന്തപുരം
10 ഏപ്രിൽ 2022